പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3176.

11.12.2014 -ൽ മറുപടിയ്ക്ക്

ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനങ്ങൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.ഡി. സതീശൻ. | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | 1986 ലെ ഉപഭോക്തൃസംരക്ഷണ നിയമ പ്രകാരം ഉപഭോക്താവിനുള്ള പരാതിയ്ക്ക് പരിഹാരം തേടുന്നതിന് എല്ലാ ജില്ലകളിലും ഓരോ ഉപഭോക്തൃ തർക്ക പരിഹാര ഫോറവും സംസ്ഥാനതലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും 1991 ഒക്ടോബർ മുതൽ പ്രവർത്തിച്ചുവരുന്നു. ഇരുപത് ലക്ഷം രൂപ വരെ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കേസ്സുകൾ ജില്ലാ ഫോറത്തിൽ ഫയൽ ചെയ്യാവുന്നതാണ്. 20 ലക്ഷം മുതൽ ഒരു കോടി രൂപ വരെ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കേസ്സുകൾ സംസ്ഥാന കമ്മീഷനും കൈകാര്യം ചെയ്യുന്നു. ആയതിൽ വാദം കേട്ട് ഉപഭോക്തൃ ഫോറങ്ങൾ വിധി പുറപ്പെടുവിക്കുന്നു. നാമമാത്രമായ ചെലവിൽ പരാതികൾ സമർപ്പിച്ച് ഉപഭോക്താക്കൾക്ക് വേഗത്തിൽ ഉപഭോക്തൃ ഫോറങ്ങളിൽ നിന്നും പരിഹാരം തേടാവുന്നതാണ്. |
| (ബി) | ഉപഭോക്തൃ ഫോറങ്ങളിൽ എത്തുന്ന പരാതികളിൽ തീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; വിശദാംശങ്ങൾ നൽകുമോ ; | (ബി) | ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിൽ ഹൈക്കോടതി ജഡ്ജിയുടെ പദവിയിലുള്ള പ്രസിഡന്റും, ഒരു ജുഡീഷ്യൽ അംഗവും , ഒരു വനിത ഉൾപ്പെടെ മൂന്നു അംഗങ്ങളുമാണ് ഉള്ളത്. ജില്ലാ ജഡ്ജിയുടെ പദവിയിലുള്ള ഒരു പ്രസിഡന്റും 2 മെമ്പർമാരുമാണ് (ഒരു വനിത ഉൾപ്പെടെ) ഉപഭോക്തൃ ഫോറങ്ങളിലുള്ളത്. ഉപഭോക്തൃ കോടതി കക്ഷികളെ നേരിൽ കേട്ടും തെളിവെടുത്തും പുറപ്പെടുവിക്കുന്ന വിധി |

| | | | |
|---|---|---|---|
| | | | പരാതിക്കാരനും, എതിർകക്ഷികൾക്കും അയച്ചുകൊടുക്കുന്നുണ്ട്. വിധി നടപ്പാക്കാത്ത അവസരങ്ങളിൽ എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്ത് ഉത്തരവ് നടപ്പാക്കാറുണ്ട്. |
| (സി) | പരാതികളിൽ നിശ്ചിത സമയത്തിനകം തീർപ്പുകൽപ്പിക്കുന്നതിനു വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; | (സി) & (ഡി) | സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗ് എല്ലാ മാസവും എറണാകുളം, പാലക്കാട് ജില്ലകളിൽ നടത്തിവരുന്നുണ്ട്. വടക്കൻ ജില്ലകളിലെ ഉപഭോക്താക്കളുടെ യാത്രാ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും, കൂടുതൽ തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിനും ഇത്തരം അദാലത്തുകൾ സഹായകരമാണ്. കൂടാതെ എറണാകുളം ഉപഭോക്തൃ ഫോറത്തിന്റെ ക്യാമ്പ് സിറ്റിംഗ് പിറവത്തും ഇടുക്കി ഫോറത്തിന്റെ സിറ്റിംഗ് തൊടുപുഴയിലും നടത്തുന്നു. കോട്ടയം ഫോറത്തിന്റെ ക്യാമ്പ് സിറ്റിംഗ് പാലായിലും, തൃശ്ശൂർ ഉപഭോക്തൃ ഫോറത്തിന്റെ സിറ്റിംഗ് ചാലക്കുടിയിലും, കണ്ണൂർ ഫോറത്തിന്റെ സിറ്റിംഗ് തലശ്ശേരിയിലും നടത്തുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരികയാണ്. |
| (ഡി) | എങ്കിൽ ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ? | | |

സെക്ഷൻ ഓഫീസർ.